**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1588 — 16/03/2015-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥി പങ്കാളിത്ത പച്ചക്കറി കൃഷി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന പച്ചക്കറി കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് തെരഞ്ഞെടുത്തത്; | എ) & ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന പച്ചക്കറി കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളുടെയും ഓരോ വിദ്യാലയത്തിനും നല്കിയ ആനുകൂല്യങ്ങളുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഓരോ വിദ്യാലയങ്ങൾക്കും പദ്ധതി പ്രകാരം നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | | |
| സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | സി) | കൃഷി വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു ഭാഗമായാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ടുളള പച്ചക്കറി കൃഷി നടപ്പിലാക്കുന്നത്. വിദ്യാർത്ഥികളുടെ വീട്ടു വളപ്പുകളിൽ കൃഷി ചെയ്യാനായി 20 രൂപ വിലവരുന്ന പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി നല്കുന്നതു വഴി വിദ്യാർത്ഥികളെ |

കൃഷിയിൽ തല്പരരാക്കാൻ കഴിയുന്നു. വിദ്യാലയങ്ങളുടെ വളപ്പുകളിൽ കൃഷി ചെയ്യുന്നതു വഴി വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്കിടയിൽ പച്ചക്കറി കൃഷിയെപ്പറ്റി അവബോധം സൃഷ്ടിക്കുവാനും അവരെ കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും കഴിയുന്നു. കൂടാതെ ഇങ്ങനെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കുട്ടികളുടെ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്നു.

ഡി) പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

ഡി) കൃഷി വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 മുതൽ ഈ പദ്ധതികൾ തുടർന്നു വരുന്നു. 2013-14, 2014-15 എന്നീ വർഷങ്ങളിലും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് വിദ്യാലയ വളപ്പിലും, വീട്ടുവളപ്പിലും പച്ചക്കറി കൃഷി നടത്തിവരുന്നുണ്ട്. 2015-16 ലും ഈ പ്രവർത്തനങ്ങൾ തുടരുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്